**പതിമൂന്നാം കേരള നിയമസഭ**
**എട്ടാം സമ്മേളനം.**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1506 — 22/3/2013 - ൽ മറുപടിയ്ക്ക്

## വിലസ്ഥിരതാ ഫണ്ട് രൂപീകരണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.കെ.വി.വിജയദാസ് | | ശ്രീ. കെ.പി. മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| എ) നാളികേരം, നാണ്യവിളകൾ ഇവയുടെ വിലയിടിവ് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | ഉണ്ട്. കേരകർഷകരെ സഹായിക്കുന്നതിന് കൃഷിഭവനുകൾ വഴി കർഷകരിൽ നിന്നും പച്ചത്തേങ്ങ നേരിട്ട് സംഭരിച്ച് കേരഫെഡ് മുഖേന കൊപ്രയാക്കുന്നതിനുള്ള പദ്ധതി സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്നു. 2013 ജനുവരി മാസം ഒന്നാം തീയതി മുതൽ ആരംഭിച്ച ഈ പദ്ധതിയിൽ കിലോയ്ക്ക് 16 രൂപ നിരക്കിൽ പച്ചത്തേങ്ങ കർഷകരിൽ നിന്നും സംഭരിക്കുന്നുണ്ട്.<br>നാണ്യവിളകൾക്കുണ്ടാകുന്ന വിലയിടിവ് മൂലം ദുരിതമനുഭവിക്കുന്ന കർഷകർക്ക് ആശ്വാസം നൽകുന്നതിനായി കൊക്കോ, കാപ്പി, അടക്ക, ഏലം, കുരുമുളക്, ഇഞ്ചി, വാനില എന്നീ നാണ്യവിളകളെ ഉൾപ്പെടുത്തി കമ്മോഡിറ്റി സേഫ്റ്റി നെറ്റ് പദ്ധതി നടപ്പിലാക്കി വരുന്നു. |
| (ബി) ഭാവിയിൽ ഇത് തടയുന്നതിന് ഒരു വിലസ്ഥിരതാ ഫണ്ടിന് രൂപം നൽകുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കുമോ;<br>(സി) പ്രസ്തുത വിലയിടിവ് തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) & (സി) | നാണ്യവിളകളായ കൊക്കോ, കാപ്പി, അടക്ക, ഏലം, കുരുമുളക്, ഇഞ്ചി, വാനില എന്നിവയ്ക്കുണ്ടാകുന്ന വിലയിടിവിൽ നിന്നും കർഷകരെ രക്ഷിക്കുന്നതിനാണ് കമ്മോഡിറ്റി സേഫ്റ്റി നെറ്റ് പദ്ധതി നടപ്പിലാക്കുന്നത്. ആഗോള സാമ്പത്തിക മാന്ദ്യം മൂലം കാർഷിക സാമ്പത്തിക മേഖലയിലുണ്ടാകുന്ന ദോഷവശങ്ങളിൽനിന്നും കർഷകരെ രക്ഷിക്കുക |

യാണ് പദ്ധതിയുടെ മുഖ്യലക്ഷ്യം. പദ്ധതിയുടെ കോർപ്പസ് ഫണ്ടായി 10 കോടി രൂപ കൃഷി ഡയറക്ടറുടെ പേരിലുള്ള ടി.എസ്.ബി. അക്കൗണ്ടിൽ 2009-10ൽ നിക്ഷേപിച്ചിട്ടുണ്ട്. ഓരോ വിളകളുടേയും വാർഷിക പ്രൈസ് സ്പെക്ട്രം ബാന്റ് നിശ്ചയിച്ചതിനു ശേഷം നെഗറ്റീവ് പ്രൈസ് ഫ്ളക്ചേഷൻ അന്താരാഷ്ട്ര സാമ്പത്തിക മാന്ദ്യത്തിന്റെ ഭാഗമായി കാണുന്നെങ്കിൽ പദ്ധതി ആനുകൂല്യത്തിന് പരിഗണിക്കാവുന്നതാണ്. സഹായം നൽകുന്ന വിളയുടെ കഴിഞ്ഞ മൂന്ന് വർഷത്തെ ശരാശരി ഉൽപ്പാദനത്തെ ആസ്പദമാക്കിയാണ് സാമ്പത്തിക സഹായത്തിന്റെ തോത് നിശ്ചയിക്കുന്നത്. 2012 ജനുവരി - ഫെബ്രുവരി മാസങ്ങളിൽ ഇഞ്ചിക്കുണ്ടായ വിലയിടിവുമൂലം ദുരിതമനു ഭവിക്കേണ്ടിവന്ന ഇഞ്ചി കർഷകർക്ക് സഹായമായി 723 ലക്ഷം രൂപ വിതരണം ചെയ്തുവരുന്നു. ഹെക്ടറൊന്നിന് 25000 രൂപയാണ് ധനസഹായം നൽകുന്നത്. ഏലത്തിന് വിലസ്ഥിരതാ ഫണ്ട് രൂപീകരിക്കുന്നതിനായി ഒരു കോടി രൂപ കൃഷി ഡയറക്ടറുടെ ടി.എസ്.ബി. അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്.

| | |
|---|---|
| (ഡി) പ്രസ്തുത വിളകൾക്ക് ന്യായവില ലഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിയ്ക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) നാളികേരത്തിനുണ്ടായിരിക്കുന്ന വിലയിടിവിൽ നിന്നും കർഷകരെ രക്ഷിക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ താങ്ങുവില പദ്ധതി പ്രകാരമുള്ള കൊപ്ര സംഭരണം നടപ്പിലാക്കി വരുന്നു. 2012 സീസണിലേക്ക് കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള താങ്ങുവിലയായ മില്ലിംഗ് കൊപ്രയ്ക്ക് ക്വിന്റലിന് 5100 രൂപ നിരക്കിലും ഉണ്ടകൊപ്രയ്ക്ക് ക്വിന്റലിന് 5350 രൂപ നിരക്കിലുമാണ് നാഫെഡിന്റെ സ്റ്റേറ്റ് നോഡൽ ഏജൻസികളായ കേരഫെഡും മാർക്കറ്റ് |

ഫെഡും കൊപ്ര സംഭരണം നടപ്പിലാക്കി വന്നത്. 2013 സീസണിലേക്ക് കേന്ദ്ര സർക്കാർ കൊപ്രയുടെ താങ്ങുവില ഉയർത്തി മില്ലിംഗ് കൊപ്രയ്ക്ക് ക്വിന്റലിന് 5250 രൂപയും ഉണ്ടകൊപ്രയ്ക്ക് ക്വിന്റലിന് 5500 രൂപയുമാക്കിയിട്ടുണ്ട്. ഇതു പ്രകാരം കൊപ്രസംഭരണം നടപ്പിലാക്കുന്നതിനുള്ള ഏജൻസികളെ തെരഞ്ഞെടുത്തുകൊണ്ടുള്ള ഉത്തരവ് ലഭിക്കുന്നതോടെ സംഭരണ നടപടികൾ ആരംഭിക്കുന്നതാണ്. ഇതിനു പുറമേ സംസ്ഥാനത്തെ എട്ടു ജില്ലകളിലെ തെരഞ്ഞെടുത്ത കൃഷി ഭവനുകളിലൂടെ കർഷകരിൽ നിന്നും നേരിട്ട് പച്ചത്തേങ്ങ സംഭരിച്ച് കേരഫെഡിന്റെ സഹായത്തോടെ കൊപ്രയാക്കി മാറ്റുന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു. കർഷകർക്ക് ന്യായമായ വില ലഭിക്കുന്നതിനായി കിലോയ്ക്ക് 16 രൂപ നിരക്കിലാണ് പച്ചത്തേങ്ങ സംഭരിക്കുന്നത്. നാണ്യവിളകൾക്കുണ്ടാകുന്ന വിലയിടിവ് അന്താരാഷ്ട്ര സാമ്പത്തിക മാന്ദ്യത്തിന്റെ ഭാഗമാണെന്ന് കാണുന്നുവെങ്കിൽ കമ്മോഡിറ്റി സേഫ്റ്റി നെറ്റ് പ്രകാരം ഹൈപവേർഡ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി സാമ്പത്തിക സഹായം നൽകുന്നതാണ്.

2011-12 ൽ ഏലം കൂടി പദ്ധതിയിൽ ഉൾപ്പെടുത്തുകയും വില സ്ഥിരത ഫണ്ടായി ഒരു കോടി രൂപ കൃഷി ഡയറക്ടറുടെ ടി എസ് ബി അക്കൗണ്ടിൽ (കോർപ്പസ് ഫണ്ടായി) നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്.

Swapna.

സെക്ഷൻ ഓഫീസർ